ഉത്തരം

(എ)-(ഇ) ഇല്ല. എന്നാൽ ഗസ്റ്റ് ഹൗസിന്റെ ഒന്നാം നിലയിൽ നിലവിലുള്ള ഹാൾ ഒരു കോൺഫറൻസ് ഹാളാക്കി മാറ്റുന്നതിനു വേണ്ട പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതുമരാമത്തു വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

വിനോദസഞ്ചാരമേഖലയിൽ നിന്നും കേരളത്തിനുള്ള വരുമാനം

125 (836)ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ-സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 സാമ്പത്തികവർഷത്തിൽ വിനോദസഞ്ചാര മേഖലയിൽ നിന്നും കേരളത്തിന് എത്ര കോടി രൂപ വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) 1997-98 സാമ്പത്തിക വർഷത്തെ വരുമാനത്തെക്കാൾ അധികവരുമാനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1998-99 സാമ്പത്തിക വർഷത്തിൽ വിനോദസഞ്ചാരികളിൽ നിന്നും ഏകദേശം 500 കോടി രൂപ വരുമാനം ലഭിച്ചതായി കണക്കാക്കപ്പെടുന്നു.

(ബി) 1997-98 ൽ വിനോദസഞ്ചാരികളിൽ നിന്നും ഏകദേശം 450 കോടി രൂപ വരുമാനം ലഭിച്ചിരുന്നതായി കണക്കാക്കപ്പെടുന്നു. 1998-99-ൽ 97-98 നെക്കാൾ 50 കോടി രൂപ അധിക വരുമാനം ലഭിച്ചിട്ടുണ്ട്. അതായത് 11.11% അധിക വരുമാനം ലഭിച്ചതായി കണക്കാക്കപ്പെടുന്നു.

ചേരമാൻ തുരുത്ത് 'ഇക്കോ ടൂറിസം' പദ്ധതിയിൽപ്പെടുത്തുന്നതിന് നടപടി

126 (837)പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദ-സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂരിലെ ചേരമാൻ തുരുത്ത് 'ഇക്കോ ടൂറിസം' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കോ ടൂറിസം പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

ബോൾഗാട്ടി പാലസ് ഹോട്ടലിന്റെ പുനരുദ്ധാരണ ജോലികൾ

127(838)ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ-സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly